"ഭരണഭാഷ മാതൃഭാഷ"

# കൊറ്റനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം

കൊറ്റനാട് പി.ഒ., പത്തനംതിട്ട ജില്ല- 689615

E-Mail: kottanadgp@gmail.com ഫോൺ : 0469 2773253

819519/2026-27

**തീയതി.23-09-2026**

## ദർഘാസ് പരസ്യം

കൊറ്റനാട് ഗ്രാമപഞ്ചായത്തിൻറെ വിവിധ വാർഡുകളിലെ പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾമാറ്റി പുതിയ 9 Watts LED ബൾബുകൾ സ്ഥാപിച്ച് Annual Maintenance Contract രീതിയിൽ ഒരു വർഷംമുഴുവനും പ്രവർത്തിപ്പിക്കുന്നതിന് തയ്യാറുള്ള അംഗീകൃത സ്ഥാപനങ്ങൾ/ ഏജൻസികൾ, ലൈസൻസ് ഉള്ള അംഗീകൃത കരാറുകാർകാർ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ tender.lsgkerala.gov.in എന്ന വെബ് സൈറ്റിലും,പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിൻറെ പേര് | വിശദാംശങ്ങൾ | അടങ്കൽ | നിരതദ്രവ്യം | ഫാറം വില |
|---|---|---|---|---|---|---|
| 1 | 90/2026-27 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ | 9 W LED Bulb with all fittings | 200000/- | 4800/- | 500+GST |

ദർഘാസ് വിൽക്കുന്ന അവസാന തീയതി : 15/10/2026 1 pm

ദർഘാസ് സമർപ്പിക്കാവുന്ന അവസാന തീയതി : 15/10/2026 3 pm

ദർഘാസ് തുറക്കുന്ന തീയതി : 15/10/2026 4 pm

**ദർഘാസ് നിബന്ധനകൾ**

1. വിതരണം ചെയ്യുന്നതും മാറ്റിസ്ഥാപിക്കുന്നതുമായ സാധന സാമഗ്രികൾ BIS/ ISI നിലവാരമുള്ളതായിരിക്കണം
2. സാധനങ്ങളുടെ എല്ലാ നികുതികളും ഉൾപ്പെടെ ഒരെണ്ണത്തിൻറെ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. എല്ലാ നികുതികളും കയറ്റിറക്ക് ചാർജ്ജും ഉൾപ്പെടെയുള്ള നിരക്കാണ് ടെണ്ടറിൽകാണിക്കേണ്ടത്.
4. ടെണ്ടർസമർപ്പിക്കുന്ന കവറിനുപുറത്ത് പ്രവർത്തിയുടെ പേര് വ്യക്തമായി എഴുതേണ്ടതാണ്.
5. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകള് തൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.
6. മെയ്ൻറനൻസ് പ്രവത്തി ഏറ്റെടുക്കുന്ന കരാറുകാരന് കരാർതുകയുടെ 10% പെർഫോമൻസ് ഗ്യാരൻറി നൽകേണ്ടതാണ്.
7. സാധനങ്ങൾക്ക് യാതൊരു സാഹചര്യത്തിലും അഡ്വാൻസ് നൽകുന്നതല്ല.
8. ദർഘാസുകളോടൊപ്പം 200/- രൂപ മുദ്രപത്രത്തിൽപ്രാഥമിക കരാർഉള്ളടക്കം ചെയ്യേണ്ടതാണ്.
9. ഏതൊരു ദർഘാസും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.
10. ടെണ്ടർഅംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം പഞ്ചായത്തുമായി കരാറിൽഏർപ്പെടേണ്ടതും സെക്യൂരിറ്റി ഡപ്പോസിറ്റ് തുക ഒടുക്കേണ്ടതുമാണ്.
11. ടെണ്ടറിന് പ്രൊക്യൂർമെൻറ് മാനുവല്,സ്റ്റോർപർച്ചേസ് മാനുവൽപ്രകാരമുള്ള എല്ലാ നിബന്ധനകളും മറ്റ് സർക്കാർഉത്തരവുകളും ഇതിന് ബാധകമായിരിക്കും.
12. ടെണ്ടർസമർപ്പിക്കുന്ന കരാറുകാരുടെ, ജി.എസ്.ടി രജിസ്ട്രേഷൻസർട്ടിഫിക്കറ്റ്,മുൻപരിചയവും, സംബന്ധമായ രേഖകൾ,എന്നിവ അപേക്ഷയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
13. കരാറുകാരനൻപ്രവർത്തി ചെയ്യുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട കെ.എസ്സ്.ഇ.ബി. ആഫീസിൽസ്വന്തം ഉത്തരവാദിത്വത്തിൽഅറിയിക്കേണ്ടതും സുരക്ഷ ഉറപ്പ് ആക്കി ചെയ്യേണ്ടതുമാണ്.
14. പ്രവർത്തിയിലേർപ്പെടുന്ന തൊഴിലാളിയുടെ അപകട ഇൻഷുറൻസ് പരിരക്ഷ സംബന്ധിച്ച ബാദ്ധ്യത പൂർണമായും കരാറുകാരന് മാത്രമായിരിക്കും.
15. അനുവൽ മെയിൻറനൻസ് കോൺട്രാക്ട് രീതിയില് 4 ഘട്ടങ്ങളായി പ്രവൃത്തി നടപ്പിലാക്കേണ്ടതും,പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന് മുൻപ് ആകെ അടങ്കല് തുകയുടെ 25% മാത്രം മുൻകൂർ അനുവദിക്കുന്നതാണ്.ആദ്യ ഘട്ടത്തിലെ പ്രവൃത്തി പരിശോധിച്ചതിനു ശേഷം മാത്രമെ 2,3,4 ഘട്ടം പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകുകയുള്ളൂ.
16. ദർഘാസുകൾസംബന്ധിച്ച വിശദ വിവരങ്ങൾകൊറ്റനാട് ഗ്രാമപഞ്ചായത്തില്നിന്നും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ദർഘാസ് തുറക്കുന്ന തീയതി അവധി ആയാൽതൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസ് സംബന്ധിച്ചുള്ള എല്ലാ നടപടികളും മുൻദിവസത്തെ സമയക്രമത്തിൽനടത്തുന്നതായിരിക്കും.ദർഘാസ് സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും.

സെക്രട്ടറി

കൊറ്റനാട് ഗ്രാമപഞ്ചായത്ത്